## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *25** **09.06.2014- ലെ മറുപടിക്ക്**

### സാം പിട്രോഡയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രഖ്യാപിച്ച പദ്ധതികൾ

**ചോദ്യം**

**ഡോ. ടി..എം. തോമസ് ഐസക്:**
**ശ്രീ. എ.കെ. ബാലൻ:**
**" എ. പ്രദീപ്കുമാർ:**
**" സി. കൃഷ്ണൻ:**

**ഉത്തരം**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

(എ) നാഷണൽ ഇന്നൊവേഷൻ കൗൺസിൽ അദ്ധ്യക്ഷൻ സാം പിട്രോഡയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സർക്കാർ പ്രഖ്യാപിച്ച പത്ത് പദ്ധതികൾ ഏതൊക്കെയായിരുന്നു;

(എ) ശ്രീ. സാം പിട്രോഡ 2012 ജനുവരി 25-ന് കേരള മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രഖ്യാപിച്ച 10 പദ്ധതികൾ ചുവടെ ചേർക്കുന്നവയാണ്.

1. തീരദേശ ജലപാത
2. നോളജ് സിറ്റി
3. മാലിന്യ പരിപാലനം
4. ഇ-ഗവേണൻസ്
5. സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകും വിധം ഉപയോഗിക്കുക
6. ആയുർവേദത്തിന്റെ ആധുനീകരണം
7. നൈപുണ്യവികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും
8. ആരോഗ്യ ഇൻഷ്വറൻസ്
9. പരമ്പരാഗത മേഖലകളുടെ ആധുനീകരണം
10. ഹൈസ്പീഡ് റെയിൽ കോറിഡോർ.

(ബി) ഈ പദ്ധതികൾക്ക് പിന്നീട് എന്തുസംഭവിച്ചു എന്ന് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; ഈ പദ്ധതികൾക്കായി പ്രഖ്യാപിക്കപ്പെട്ട ഉപസമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ നടന്നു വരികയാണ് അവയുടെ പുരോഗതി തുടർച്ചയായി അവലോകനം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതിൽ ഏതെങ്കിലും പദ്ധതികൾ പ്രായോഗികമായിട്ടുണ്ടോ; പദ്ധതികൾക്കോരോന്നിനുമായി എന്തു തുക വീതം ഇതിനകം ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്; പദ്ധതികൾ പരസ്യം ചെയ്ത ഇനത്തിൽ ഇതിനകം ചെലവായ മൊത്തം തുക എത്രയാണെന്നതിന്റെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

(സി) പത്തിന വികസന നിർദ്ദേശങ്ങളിലെ പ്രധാനപ്പെട്ട ഒരെണ്ണമാണ് 'സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വൈദഗ്ദ്യം സംസ്ഥാനത്തിന് ഗുണകരമാകും വിധം ഉപയോഗിക്കുക' എന്നത് പ്രസ്തുത പദ്ധതിയുടെ വിശദമായ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ഇത് പ്രാവർത്തികമാക്കുന്നതിനായി ഒരു കമ്പനി രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ട ത്തിലാണ്.

പത്തിന വികസന നിർദ്ദേശങ്ങളിൽ ഉൾപ്പെട്ട പദ്ധതികൾക്ക് പ്രത്യേകമായി ചെലവുണ്ടായിട്ടില്ല. എന്നാൽ, തീരദേശ ജല പാത, മാലിന്യപരിപാലനം, ഇ-ഗവേണൻസ്, നൈപുണ്യവികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും തുടങ്ങിയ പദ്ധതി നിർദ്ദേശങ്ങളുമായി, ഈ മേഖലകളിൽ നിലവിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകൾ സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം നിലവിൽ നടപ്പാക്കിവരുന്ന പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയുടെ ഭാഗമായി തുക ചെലവഴിക്കുന്നുണ്ട്.

സാം പിട്രോഡ നിർദ്ദേശിച്ച പത്തിന വികസന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് സർക്കാർ പ്രത്യേക പരസ്യം നല്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ.